ഭരണഭാഷ-മാതൃഭാഷ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കന്ററി വിഭാഗം)
ജഗതി, തിരുവനന്തപുരം
E-mail-dirdhsc.dge@kerala.gov.in
Phone No 0471 2580759

നമ്പർ : HSE/3693/2025-Ad C6 തീയതി : 16-04-2025

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കൻഡറി വിഭാഗം- 2025-2026 ലെ സർക്കാർ ഹയർസെക്കൻഡറി അധ്യാപകരുടെ ട്രാൻസ്ഫർ- അധ്യാപകരുടെ Profile Update ചെയ്യുന്നതിനും അത് ബന്ധപ്പെട്ട സ്കൂളുകളിലെ പ്രിൻസിപ്പാൾമാർ verify ചെയ്ത് Vacancy Update ചെയ്യുന്നതിനുമുള്ള മാർഗനിർദ്ദേശങ്ങൾ - തീയതി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.04.2025-ലെ HSE/3693/2025-Ad C6 നമ്പർ സർക്കുലർ

സൂചന സർക്കുലർ പ്രകാരം സർക്കാർ ഹയർസെക്കൻഡറി സ്കൂളുകളിലെ അധ്യാപകർ അവരുടെ Profile update ചെയ്യുന്നതിനും അത് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ verify ചെയ്ത് കൃത്യമായ vacancy update ചെയ്യുന്നതിനും 2025 ഏപ്രിൽ 16 വരെ സമയം അനുവദിച്ചിരുന്നു. അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ അപ്ഡേഷൻ പൂർ ത്തിയാക്കാത്തതിനാൽ <u>ഇനി തീയതി മാറ്റില്ല എന്ന കർശന നിബന്ധനയോടെ ഏപ്രില് 21, ഉച്ചയ്ക്ക് 2.00 മണി വരെ സമയം ദീർഘിപ്പിച്ച്</u> ഉത്തരവാകുന്നു.

പ്രിൻസിപ്പാൾമാർ അവരുടെ സ്കൂളുകളിലെ മുഴുവൻ അധ്യാപകരും (ട്രാൻസ്ഫറിന് അപേക്ഷിക്കുന്നവരും അല്ലാത്തവരും) Profile Update ചെയ്ത് confirm ചെയ്തു എന്നുറപ്പാക്കേണ്ടതാണ്.

അധ്യാപകർക്ക് ആവശ്യമെങ്കിൽ ഒരിക്കൽകൂടി അവരുടെ പ്രൊഫൈൽ പരിശോധിക്കാനും തിരുത്തലുകളുണ്ടെങ്കിൽ വരുത്താനും ഏപ്രിൽ 19 വരെ അവസരമുണ്ടാകും. സംശയങ്ങൾക്ക് dhsetransfer.kerala.gov.in പോർട്ടലിൽ നൽകിയിട്ടുള്ള വീഡിയോ ട്യൂട്ടോറിയലുകൾ, Frequently Asked Questions, ഹെൽപ്പ്ഡെസ്കിലെ നിർദ്ദേശങ്ങൾ എന്നിവ പരിശോധിച്ച് വ്യക്തത വരുത്തിയാണ് അധ്യാപകരും പ്രിൻസിപ്പാൾമാരും പോർട്ടലിൽ നൽകുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പാക്കേണ്ടത്. സമയബന്ധിതമായി ട്രാൻസ്ഫർ പ്രക്രിയ പൂർത്തിയാക്കേണ്ടതിനാൽ ഏതെങ്കിലും അധ്യാപകരോ, പ്രിൻസിപ്പാൾമാരോ തെറ്റായ വിവരങ്ങൾ നൽകിയാൽ അത് പിന്നീട് തിരുത്താൻ അവസരം ലഭിക്കില്ല എന്ന് മാത്രമല്ല സൂചന സർക്കുലറിലെ ഖണ്ഡിക 7 പ്രകാരം കർശന നടപടികൾക്ക് വിധേയമാകും എന്നതിനാൽ വിവരങ്ങൾ നൽകുമ്പോൾ അതീവ സൂക്ഷ്മതയും, കൃത്യതയും പുലർത്തേണ്ടതാണ്.

2025 ഏപ്രിൽ 30നും മെയ് 31നും റിട്ടയർ ചെയ്യാൻ പോകുന്ന പ്രിൻസിപ്പാൾമാരുടെ കാര്യത്തിൽ Retirement ഓപ്ഷൻ നൽകി റിലീവ് ചെയ്യേണ്ടതാണ്. എന്നാൽ Institution Level Approval എന്ന role ഇവർക്ക് ഉണ്ടായിരിക്കും.

അധ്യാപകരുടെ Current Employment Details-ൽ Appointment Order Number, Joining Date to Current Post, Appointment Serial Number, Joining Date to Current Institution എന്നീ ഫീൽഡുകൾ തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ അത് തിരുത്താൻ പ്രിൻസിപ്പാൾമാർക്ക് പുതുതായി പോർട്ടലിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

മെഡിക്കൽ സർട്ടിഫിക്കറ്റിൻ്റെ പിൻബലത്തിൽ അല്ലാതെ എടുത്തിട്ടുള്ള എല്ലാ ശൂന്യവേതനാവധി കാലയളവുകളും സർവ്വീസ് ഡീറ്റെയിൽസിൽ ബ്രേക്ക് കാലയളവായി കാണിക്കേണ്ടതാണ്.

കോടതി/ട്രൈബ്യൂണൽ നടപടികളാൽ നിലവിൽ **Profile Update** ചെയ്യാൻ കഴിയാത്ത അധ്യാപകരുടെ കാര്യത്തിൽ സർക്കുലറിലെ ഖണ്ഡിക 12-ൽ പറഞ്ഞപ്രകാരം സൗകര്യം ഒരുക്കുന്നതും അതിന്റെ വിശദാംശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതും ആയിരിക്കും.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**